# ഡിജിറ്റൽകാല സാമൂഹികത: ചന്ദ്രമതി കഥകളിൽ

## (വെബ്സൈറ്റ്, ഇവിടെ ഒരു ടെക്കി, എന്നീ കഥകളുടെ വിശകലനം)

**രേഷ്മ. കെ**

**സംഗ്രഹം**

'വെബ്സൈറ്റ്', 'ഇവിടെ ഒരു ടെക്കി' എന്നീ കഥകളെ മുൻനിർത്തി, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വളർച്ച മലയാള സമൂഹത്തിലും സാഹിത്യത്തിലും വരുത്തിയ മാറ്റങ്ങൾ ചന്ദ്രമതിയുടെ എഴുത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന് പരിശോധിക്കുന്നു. 90-കൾക്ക് ശേഷം സൈബർ ലോകം യാഥാർത്ഥ്യമായപ്പോൾ അതുണ്ടാക്കിയ സാംസ്കാരിക സംഘർഷങ്ങളും, മാറുന്ന മനുഷ്യബന്ധങ്ങളും, തൊഴിൽപരമായ ഉത്കണ്ഠകളും ചന്ദ്രമതിയുടെ കഥകൾ ആവിഷ്കരിക്കുന്നതായി പഠനം വിലയിരുത്തുന്നു. 'വെബ്സൈറ്റ്' എന്ന കഥ, ഇന്റർനെറ്റിലൂടെ രൂപപ്പെടുന്ന സൗഹൃദത്തിന്റെ സാധ്യതകളും അതിലെ യാഥാർത്ഥ്യവും മിഥ്യയും തമ്മിലുള്ള സംഘർഷവും ചർച്ചചെയ്യുമ്പോൾ, 'ഇവിടെ ഒരു ടെക്കി' എന്ന കഥ ഐ.ടി. മേഖലയിലെ തൊഴിൽപരമായ അരക്ഷിതാവസ്ഥയും മനുഷ്യനും യന്ത്രവും തമ്മിലുള്ള വൈകാരിക ബന്ധവും ഫലിത രൂപത്തിൽ അവതരിപ്പിക്കുന്നു. ഈ കഥകളിലൂടെ, സൈബർലോകത്തെ ഭാഷയും പ്രമേയങ്ങളും ഉപയോഗിച്ച് ചന്ദ്രമതി തന്റെ ആഖ്യാനരീതി നവീകരിക്കുകയും ഡിജിറ്റൽ കാലത്തെ ജീവിതത്തെ സൂക്ഷ്മമായി അടയാളപ്പെടുത്തുകയും ചെയ്യുന്നുവെന്ന് ലേഖനം സമർത്ഥിക്കുന്നു.

**താക്കോൽ വാക്കുകൾ:**

സൈബർ സ്പെയ്സ്, അധികാരവിമർശം, ചന്ദ്രമതി

സൈബർസ്പേയ്സിനു മുമ്പ് തന്നെ അധികാര വിമർശനങ്ങളും കടന്നിരിക്കലുകളും നടത്തിയ എഴുത്തുകാരിയാണ് ചന്ദ്രമതി. പുരുഷ ഭാഷയുടെ വ്യവഹാര ലോകത്തേക്ക് /അധികാര ലോകത്തേക്ക് അതിരുകൾ ഭേദിച്ചുകൊണ്ട് സ്ത്രീയെഴുത്തുകൾ വരുന്നത് 90-കൾക്ക് ശേഷം വന്നിട്ടുള്ള ഇന്റർനെറ്റ് കാലത്താണ്. സൈബർ സാഹിതീയ പൊതുമണ്ഡലത്തിലാണ് സ്ത്രീ എഴുത്തുകൾക്ക് സാമൂഹ്യ ശ്രദ്ധ കൂടുന്നത്. വ്യത്യസ്ത രീതിയിലുള്ള ആഖ്യാനങ്ങളും ആവിഷ്കാരങ്ങളും ഉണ്ടാകുന്നതും ഈയൊരു കാലത്താണ്. ചന്ദ്രമതി തന്റെ കഥനചരിത്രത്തിന്റെ ഭാഗമായി സൈബർസ്പേയ്സിനകത്ത് അതിനെ പ്രതിനിധീകരിക്കുന്ന കഥാപാത്രങ്ങളെ എങ്ങനെ ആഖ്യാനം ചെയ്യുന്നു എന്നതാണ് പഠനത്തിന്റെ ലക്ഷ്യം. യൂറോകേന്ദ്രിമായ ആധുനികത സൃഷ്ടിച്ചെടുത്ത അതിർത്തികൾ മായുന്ന ലോകത്ത് അതിരുകൾക്കപ്പുറത്തേക്ക് പോകുന്ന കഥാപാത്രങ്ങളെ ആവിഷ്കരിച്ചുകൊണ്ട് കഥയെഴുത്തുകാരി എന്ന നിലയിൽ ചന്ദ്രമതി തന്റെ സ്വത്വത്തെ എങ്ങനെ മറികടക്കുന്നു എന്ന പരിശോധനയും പഠനത്തിൽ ഉൾപ്പെടുത്തുന്നു.

സമകാലിക സാമൂഹ്യ ജീവിതത്തിൽ അറിവിനെയും അനുഭവത്തെയും നിർണയിക്കപ്പെടുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് ഡിജിറ്റൽ സാങ്കേതിക വിദ്യകളാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രാഥമിക ദശയിൽ അത്തരം അറിവുള്ളവരും, ഇല്ലാത്തവരും എന്ന നിലയിൽ സമൂഹത്തെ രണ്ടായി തരംതിരിച്ചിരുന്നു. ഈയൊരു സാമൂഹ്യ സാഹചര്യത്തിൽ നിന്ന് ഇന്റർനെറ്റിന്റെ സാധ്യതകളുടെ മായിക ലോകം ശക്തമായി തന്നെ ഇന്ന് സമൂഹത്തിൽ യാഥാർത്ഥ്യമായിരിക്കുന്നു. ഇന്നത്തെ ജനതയുടെ ബോധതലം സൈബർ ശൃംഖലയുമായി കണ്ണിചേർക്കപ്പെട്ടിരിക്കുന്നു. വീട്ടിലും,തൊഴിലിടങ്ങളിലും, യാത്രകളിലും, ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും വ്യക്തിയെ ചുറ്റിപ്പറ്റിയാണ് അതിന്റെ സഞ്ചാരം. ലാപ്ടോപ്പ്, ഐപോഡ്, മൊബൈൽ ഫോൺ, നെറ്റ് ബുക്ക് തുടങ്ങിയവ വ്യക്തി- സൈബർ ബന്ധങ്ങളെ ദൃഢമാക്കുന്നു.

1990 - കളോടെയാണ് വിവരസാങ്കേതികവിദ്യയുടെ പുതിയ സാംസ്കാരിക ലോകം കേരളത്തിലും യാഥാർത്ഥ്യമായത്. "അച്ചടി മുതലാളിത്തത്തിനെതിരെ കലാപങ്ങളുടെ ജനാധിപത്യ ഇടം എന്ന നിലക്കാണ് സൈബർ സ്പേയ്സ് സ്വയം നിർണയിച്ചത് " (സന്തോഷ്,എച്ച്. കെ. 2018 : 3979). ആഹാരവും വായുമാണ് വ്യക്തിയുടെ പ്രാഥമിക ആവശ്യങ്ങൾ. ഈ രണ്ടു ഘടകങ്ങളൊഴിച്ച് വ്യക്തിയുടെ മറ്റെല്ലാ ആവശ്യങ്ങളെയും തൃപ്തിപ്പെടുത്താനുള്ള ശേഷി ഈ നവസാങ്കേതികതക്കുണ്ട്. സാങ്കേതിക ലോകം യാഥാർത്ഥ്യം/ മിഥ്യ ദ്വന്ദങ്ങളെയും, സ്വാഭാവികത /കൃത്രിമത്വം എന്നീ ഘടകങ്ങളെയും വേർതിരിക്കാൻ പറ്റാത്ത രീതിയിൽ ഒന്നാക്കുന്നു. അതുകൊണ്ടുതന്നെ ഇന്നത്തെ ജനതയ്ക്ക് സ്വന്തം അയൽക്കാരെ അറിയില്ലെങ്കിലും, ലോകത്തിന്റെ പലയിടങ്ങളിലുള്ളവർ അയഥാർഥ്യലോകത്ത് അയൽക്കാരായി മാറുന്നു. പ്രണയം, സൗഹൃദം,ബന്ധങ്ങൾ ഇവയെല്ലാം പുതിയ രീതിയിൽ നിർണയിക്കപ്പെടുന്നു. ഇന്റർനെറ്റ് സംസ്കാരം സംവേദാത്മകമാണ്.

പ്രാദേശിക അന്തർദേശിക സംസ്കാരങ്ങളുടെ കൂടിച്ചേരലിനോടൊപ്പം സൈബർ സംസ്കാരത്തിന്റേത് മാത്രമായ ഘടകങ്ങളും കൂട്ടിചേർത്ത് പുതിയൊരു സാംസ്കാരിക മണ്ഡലം രൂപപ്പെടുന്നു. സൈബർ സംസ്കാര സൈദ്ധാന്തികനായ മാനുവൽ കാസ്റ്റൽസ് സൈബർ സംസ്കാരത്തെ വ്യത്യസ്തമായി കണക്കാക്കുന്നു. ഇന്റർനെറ്റ് സംസ്കാരം അത് രൂപപ്പെടുത്തുന്നവരുടെ സംസ്കാരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ടെക്നോ- മെറിറ്റോ-ക്രാറ്റിക് സംസ്കാരം, ഹാക്കർ സംസ്കാരം, കമ്മ്യൂണിക്കേഷൻ സംസ്കാരം, സംരംഭക സംസ്കാരം തുടങ്ങിയവ ചേർന്ന് ഉണ്ടാകുന്നതാണ് ഇന്റർനെറ്റ് സംസ്കാരം എന്നാണ് മാനുവൽ സിദ്ധാന്തിക്കുന്നത്.

"മൂലധനത്തിനും, അധ്വാനത്തിനും, ഉൽപാദനത്തിനും പ്രാധാന്യമുണ്ടായിരുന്ന വ്യവസായ സമൂഹത്തിന് പകരം വിവരങ്ങളും, അറിവുകളും അവ പെരിപ്പിക്കാനും പ്രചരിപ്പിക്കാനുമുള്ള നൂതന സാങ്കേതികവിദ്യകളും ഒത്തുചേരുന്ന ഒന്നാണ് ഉത്തരാധുനിക സമൂഹം. ഈ നവസാങ്കേതിക വിദ്യകൾ കലയിലും, സംസ്കാരത്തിലും,സാമൂഹ്യമൂല്യങ്ങളിലും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതിനാൽ ഒരു സൈബർ സാംസ്കാരിക പരിസരവും നിലവിൽ വന്നു ". (മധുസൂദനൻ, ജി. 2006: 91- 92) വിവരസാങ്കേതികവിദ്യയുടെ ഫലമായി ഉടലെടുത്ത ഇന്റർനെറ്റ് ടെക്നോളജി 90 -കളിൽ വളരെ ശക്തമായി സമൂഹത്തെ സ്വാധീനിച്ചു. 1990 - കളോടെ ലോകവ്യാപകമായ ടെക്നോളജിയുടെ പുതിയ മാറ്റം കേരളത്തിലെ സാമൂഹ്യ - സാംസ്കാരിക ജീവിതത്തിലും യാഥാർത്ഥ്യമായി. ഇങ്ങനെ രൂപപ്പെട്ട സൈബർ അന്തരീക്ഷം സാമൂഹ്യ - സാംസ്കാരിക- കല തുടങ്ങി സമൂഹത്തിന്റെ എല്ലാ രംഗങ്ങളിലും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. അത് പ്രത്യക്ഷത്തിൽ തന്നെ പ്രകടമായി എന്നതാണ് ശ്രദ്ധേയം.

ഇത്തരത്തിൽ സാമൂഹ്യ ജനതയുടെ ജീവിതത്തിൽ നിന്ന് ഒഴിച്ചുകൂടാനാവാത്ത സാന്നിധ്യമായി ഇന്റർനെറ്റ് മാറി. സമൂഹത്തിലെ ടെക്നോളജിയുടെ വളർച്ചയാണ് സൈബർ സാഹിത്യത്തിന്റെ പിറവിയുടെ അടിസ്ഥാനഘടകം. മലയാളത്തിൽ ചെറുകഥകളാണ് ആദ്യമായി സൈബർ സ്പേയ്സ് പ്രമേയമാക്കിയത്. സൈബർ സാഹിത്യവുമായി ബന്ധപ്പെട്ട കഥകളെ പ്രധാനമായി രണ്ടു രീതിയിലാണ് അടയാളപ്പെടുത്തുന്നത്. ഒന്ന് ടെക്നോളജിയുടെ സാങ്കേതിക വശങ്ങളെ മുൻനിർത്തി സൈബർ സ്പേയ്സിൽ കഥകൾ എഴുതുന്നവർ. രണ്ട് സൈബർ സ്പേയ്സിന്റെ സാധ്യതകളെയും, പ്രശ്നങ്ങളെയും, സംഘർഷങ്ങളെയും മുൻനിർത്തി കഥകൾ എഴുതുന്നവർ. സൈബർ സ്പേയ്സിന്റെ ഈ സാധ്യതകളെ മുൻനിർത്തി രണ്ടായിരത്തിനു ശേഷം ധാരാളം കഥകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്.

അച്ചടി - കടലാസ് എന്ന മാധ്യമ ദ്വന്ദങ്ങൾക്കു സമാനമായി സൈബർ സാഹിത്യ മണ്ഡലത്തിൽ മറ്റൊരു മാധ്യമസംസ്കാരം രൂപപ്പെട്ടുയെന്നതാണ് യാഥാർത്ഥ്യം. സ്ഥലം_കാലം എന്നീ അതിർവരമ്പുകളെ മാറ്റിനിർത്തി ഡിജിറ്റൽകാല സാങ്കേതികത സാഹിത്യ സാംസ്കാരിക സ്വത്വങ്ങളെ സ്വീകരിച്ചതോടെയാണ് സൈബർ സാഹിതീയ പൊതുമണ്ഡലം എന്നമാറ്റം യാഥാർത്ഥ്യമാകുന്നത്. സൈബർ സാഹിതീയ പൊതുമണ്ഡലത്തിൽ സാഹിത്യത്തിന്റെ ഉള്ളടക്കം, ഭാഷാശൈലി, പ്രമേയം, അവതരണം, ആഖ്യാനം എന്നിവയിലെല്ലാം മാറ്റങ്ങൾ ഉണ്ടാകുന്നു. ഈ ഘടകങ്ങളെ മുൻനിർത്തി എഴുത്തുകാരന് തന്റെ സൃഷ്ടിയിൽ തികഞ്ഞ സ്വാതന്ത്ര്യം ഉണ്ടായിരുന്നു.

സൈബർ സാഹിത്യത്തിന്റെ പ്രാരംഭകാലത്തുതന്നെ മലയാള കഥാഖ്യാനങ്ങളിലും ഈ സാമൂഹ്യമാറ്റങ്ങൾ പ്രകടമായിതന്നെ കാണാമായിരുന്നു. അതുവരെ ഉണ്ടായിരുന്ന ആഖ്യാന അന്തരീക്ഷത്തിന് ഒട്ടും പരിചിതമല്ലാത്തൊരന്തരീക്ഷം കഥകളിൽ തെളിയുകയും വായനക്കാർക്ക് അനുഭവവേദ്യമാകാതിരുന്ന യാഥാർത്ഥ്യത്തെ ഈ കഥകൾ പ്രത്യക്ഷീകരിക്കുകയും, ഉൾക്കൊള്ളുകയും ചെയ്തു എന്നതും സൈബർ കഥകളുടെ പ്രചാരത്തിനുള്ള അടിസ്ഥാന ഘടകങ്ങളാണ്. യന്ത്രവും മനുഷ്യനും തമ്മിലുള്ള താദാത്മ്യം പ്രാപിക്കൽ, യന്ത്ര ലോകത്തോടുള്ള പൊരുത്തക്കേടുകൾ എന്നിവയൊക്കെയായിരുന്നു ഈ സാഹിത്യ ഭാവനയുടെ വിനിമയാന്തരീക്ഷം.

സ്ത്രീ എഴുത്തുകാരുടെ സവിശേഷമായ പങ്കാളിത്തം സൈബർ സാഹിതീയ മണ്ഡലത്തിന്റെ പ്രധാന സവിശേഷതയാണ്. പുരുഷരക്ഷാകർതൃത്വത്തിനു പുറത്തുള്ള ലോകമായിരുന്നു സൈബർ ലോകം. ഈ ലോകം ഭ്രാന്തവത്കരിക്കപ്പെട്ട സമൂഹത്തിനും, സ്ത്രീകൾക്കും കൂടുതൽ വിസിബിലിറ്റി നൽകി. സൈബർ സാഹിതീയ പൊതുമണ്ഡലത്തിൽ ഒരാൾക്ക് തന്നെ പല കർതൃത്വംവരുന്നു. അതുകൊണ്ട്തന്നെ ശരീരം എന്ന ഘടകം അവിടെ ഇല്ലാതാകുകയും, പലതരം ആവിഷ്കാരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. സ്ത്രീകളുടേത് മാത്രമായ കമ്മ്യൂണിറ്റികളും, കൂട്ടായ്മകളും വരുന്നു. സ്ത്രീ സ്വതന്ത്രയായ സ്ത്രീ ആകുകയാണ് വെർച്ച്വൽ റിയാലിറ്റിയിൽ. അതിന്റെ പ്രതിഫലനങ്ങൾ സമൂഹത്തിലും കാണാൻ സാധിക്കും. പുരുഷാധിപത്യ ലോകത്തിൽ നിന്നുള്ള വിടുതിയായി സൈബർലോകം സ്ത്രീയെ മാറ്റിത്തീർത്തു. ഈ സ്വാതന്ത്ര ആഖ്യാനപരിസരത്താണ് ചന്ദ്രമതിയുടെ സ്ഥാനവും.

ലിംഗപരമായ, പിതൃനിയന്ത്രണങ്ങൾ ഉള്ള കേരളത്തിന്റെ സാഹിത്യ പൊതുമണ്ഡലത്തിൽ സ്ത്രീ എഴുത്തിന്റെ പരിമിതികളെ ലംഘിച്ചുകൊണ്ട് കഥാഖ്യാനം നടത്തിയ എഴുത്തുകാരിയാണ് ചന്ദ്രമതി. സ്ത്രീയെഴുത്തിന്റെ രാഷ്ട്രീയം, ശരീരത്തിന്റെ രാഷ്ട്രീയം എന്നിവയൊക്കെ ശക്തമായി വരുന്ന സാഹിത്യ പൊതുമണ്ഡലത്തിലാണ് ചന്ദ്രമതിയുടെ സ്ഥാനം. ഹാസ്യത്തിന്റെയും, ഐറണിയുടെയും വലിയൊരു

തലം ചന്ദ്രമതിയുടെ കഥാലോകം സംവേദനം ചെയ്യുന്നുണ്ട്. ഹാസ്യത്തെ രണ്ടു തരത്തിലാണ് ഉപയോഗിക്കപ്പെടുന്നത്. ഹാസ്യചരിത്രം ഈ രണ്ടുഘടകങ്ങൾക്കകത്താണ് പ്രവർത്തിക്കുന്നത്. ഒന്ന് തന്നെക്കാൾ ദുർബലനായ ഒരാൾക്ക് എതിരെയുള്ള അക്രമാത്മകമായ ഹാസ്യം. രണ്ട് പ്രതിരോധത്തിന്റെ ഹാസ്യം. നമ്പ്യാരുടെ ഹാസ്യത്തിൽ ഈ രണ്ടു ഘടകങ്ങളും കാണാം. സ്ത്രീകളെ, കീഴാളരെ അടിച്ചമർത്താൻ പരിഹസിക്കാൻ ഹാസ്യം അധികാര പ്രയോഗമായിട്ടും ഉപയോഗിക്കുന്നു. ആക്ഷേപിക്കലിനപ്പുറം ഹാസ്യം ശക്തമായ സാമൂഹ്യ വിമർശനവുമാണ്. മലയാളസാഹിത്യത്തിൽ ഹാസ്യം എന്ന സങ്കേതം പുരുഷകേന്ദ്രിതമായിരുന്നു. പുരുഷൻ അധികാരസ്ഥാനത്തു നിന്നുകൊണ്ട് കൈകാര്യം ചെയ്യുന്ന ഒന്നായിരുന്നു അത്.

പുരുഷന്റെ വലിയ ആയുധമോ, കലയോ ആയി ഉപയോഗിച്ചുവന്നിരുന്ന ഹാസ്യത്തെ ചന്ദ്രമതി തന്റെ കഥകളിൽ ശക്തമായി ആവിഷ്കരിക്കുന്നു. അതും പുരുഷനെതിരെയുള്ള വിമർശനമായിട്ടാണ് ആഖ്യാനം ചെയ്യുന്നത്. ഇത്തരത്തിൽ പുരുഷനെ ഭാഷകൊണ്ട് എറ്റുകയും കളിയാക്കുകയും ചെയ്ത് തന്റേടികളായ സ്ത്രീകളെ ആവിഷ്കരിക്കുകയാണ് ചന്ദ്രമതി കഥകൾ. പെണ്ണെഴുത്തിന്റെ വേറിട്ട ശബ്ദം കൊണ്ട് മലയാള കഥയിൽ ഇടം നേടിയ എഴുത്തുകാരിയെന്ന നിലയിലാണ് ചന്ദ്രമതിയെ വായന സമൂഹം മനസ്സിലാക്കുന്നത്. സ്ത്രീയുടെ കാഴ്ചപ്പാടിലൂടെ സ്ത്രീ സ്വത്വാവിഷ്കാരം നടത്തി, കഥാഘടനയെ അപനിർമ്മിക്കാനുള്ള ശ്രമം നടത്തിയ സ്ത്രീപക്ഷ എഴുത്തുകാരിയാണ് ചന്ദ്രമതി. കാലത്തിന്റെ മാറ്റങ്ങളെ കഥാഖ്യാനത്തിൽ കൊണ്ടുവന്ന എഴുത്തുകാരിയെന്ന നിലയിൽ കൂടി മലയാള കഥയിൽ ചന്ദ്രമതിയുടെ സ്ഥാനം അടയാളപ്പെടുത്തേണ്ടതുണ്ട്. 90 -കൾക്ക് ശേഷം സമൂഹത്തിൽ വിവരസാങ്കേതിയുടെ ഫലമായി ഉണ്ടായ സാംസ്കാരിക മാറ്റങ്ങളെ ചന്ദ്രമതി തന്റെ കഥാഖ്യാനങ്ങളിൽ ഉൾപ്പെടുത്തിയെന്നത് ശ്രദ്ധേയമാണ്.

ചന്ദ്രമതിയുടെ കഥകളെ പരിശോധിക്കുമ്പോൾ രണ്ട് ഘട്ടങ്ങളായി അതിനെ മനസ്സിലാക്കേണ്ടതുണ്ട്. രണ്ടായിരത്തിനു മുമ്പുള്ള കഥകളിൽ നിന്ന് ഏറെ വൈവിധ്യം പുലർത്തുന്നവയാണ് രണ്ടായിരത്തിനു ശേഷമുള്ള കഥകൾ. ആഖ്യാനത്തിലും, ഭാഷയിലും, ആവിഷ്കാരത്തിലും ഈ മാറ്റങ്ങൾ പ്രകടമാണ്. സ്ത്രീയുടെ കാഴ്ചപ്പാടിലൂടെ ലോകത്തെയും കഥാഘടനയെയും പുനർനിർണ്ണയിക്കാനുള്ള ശ്രമങ്ങൾ,അതികഥാതന്ത്രങ്ങൾ ആഖ്യാനത്തിൽ കൊണ്ടുവരുക തുടങ്ങി കഥയുടെ ഘടനയെ മാറ്റിപ്പണിയുന്ന പുതിയ ശ്രമങ്ങൾക്കൊപ്പം തന്നെ അക്കാലത്തെ പുതിയ സാമൂഹ്യ ജീവിതത്തെ കൂടി ചന്ദ്രമതി തന്റെ കഥകളിൽ ഉൾപെടുത്തുന്നു. ഈ സവിശേഷ സാംസ്കാരിക സന്ദർഭത്തെ '*വെബ്സൈറ്റ്,*' '*ഇവിടെ ഒരു ടെക്കി*' എന്നി കഥകളിൽ ചന്ദ്രമതി എങ്ങനെ പ്രമേയത്ക്കരിക്കുന്നുവെന്ന അന്വേഷണമാണ് പ്രബന്ധം ലക്ഷ്യം വയ്ക്കുന്നത്.

**വെബ്സൈറ്റ്**

കഥ തുടങ്ങുന്നത് ഇങ്ങനെയാണ് "ഒരു പരസ്യത്തിൽ ആയിരുന്നു തുടക്കം ഒരു നടുക്കത്തിൽ ആയിരുന്നു ഒടുക്കം ". (ചന്ദ്രമതി. 2013 :440 ) എഴുത്തുകാരി പറയുന്ന നടുക്കത്തിന്റെ അടിസ്ഥാനം ടെക്നോളജിയുടെ പ്രതീതിയാഥാർത്ഥ്യങ്ങളാണ്. ഇന്റർനെറ്റ്, വെബ്സൈറ്റ്, ഇ- മെയിൽ തുടങ്ങിയവ കഥയിൽ പ്രാധാന്യം അർഹിക്കുന്ന സൈബർ സ്പേയ്സുകളാണ്. വിനോദ് കൃഷ്ണ, സ്മിത എന്നി കഥാപാത്രങ്ങളാണ് കഥാപ്രമേയത്തെ നിയന്ത്രിക്കുന്നത്. കഥയുടെ കാലം രണ്ടായിരം ആയതുകൊണ്ട് തന്നെ അക്കാലത്ത് സന്ദേശങ്ങൾ കൈമാറ്റം ചെയ്യുന്നതിനുള്ള ടെക്നോളജിയുടെ പുതിയ

സാധ്യതയായിരുന്ന ഇ - മെയിൽ. ഇ - മെയിന്റെ സാധ്യതയാണ് എഴുത്തുകാരി ആഖ്യാനം ചെയ്യുന്നത്. . വിനോദ് കൃഷ്ണ കാലത്തിന്റെ പുതിയ സാധ്യതകളെ ഉപയോഗപ്പെടുത്തുന്ന യുവാവാണ്. കഥയുടെ പ്രമേയത്തിൽ സ്വാഭാവികമായ സാധാരണത്വം നിലനിൽക്കുന്നുണ്ടെങ്കിലും പ്രമേയത്തിന്റെ ആവിഷ്കാരത്തിലാണ് എഴുത്തുകാരി പുതിയ സാംസ്കാരിക സന്ദർഭത്തെ സ്വീകരിക്കുന്നത്.

കഥയുടെ തുടക്കത്തിലെ പരസ്യം ഇങ്ങനെയാണ്. " സുന്ദരനും അവിവാഹിതനും എൻജിനീയറിങ് ബിരുദാനന്തര ബിരുദധാരിയും ഏകാകിയുമായ യുവാവ്. (39 വയസ്സ്; ഹോബികൾ: സംഗീതം,വായന,ഇന്റർനെറ്റ്). സമാന അഭിരുചികളുള്ള യുവതികളിൽ നിന്ന് ശുദ്ധ സൗഹൃദം കാംക്ഷിക്കുന്നു. എഴുതുക. BOX 2525.kGD"( ചന്ദ്രമതി. 2013: 440 ). സ്മിതയും ഒറ്റയ്ക്ക് ജീവിക്കുന്ന യുവതിയാണ്. അതുകൊണ്ടുതന്നെ പരസ്യം അവളിൽ ചലനങ്ങൾ സൃഷ്ടിക്കുന്നു. പരസ്യത്തിന് അവൾ മറുപടി അയക്കുന്നത് ഇ- മെയിലിൽ അല്ല മറിച്ച് തപാലിലൂടെയാണ്. സ്മിതയെക്കാൾ കൂടുതൽ ഇന്റർനെറ്റ് സാങ്കേതികതയിൽ മുഴുകി ജീവിക്കുന്ന ആളാണ് വിനോദ് കൃഷ്ണ. " ഇന്റർനെറ്റ് ഹരമാണ് എന്ന് അവൾ പറയുന്നുണ്ടെങ്കിലും കൂടുതൽ പഠിക്കാൻ താല്പര്യം ഇല്ലാത്തതുകൊണ്ട് ഞാൻ അങ്ങോട്ട് നോക്കാറേയില്ല". ( ചന്ദ്രമതി. 2013: 440) എന്നും അവൾ പറയുന്നുണ്ട്. വിനോദ് കൃഷ്ണ തികച്ചും വ്യത്യസ്തനാണ്. ഇന്റർനെറ്റിന്റെ ലോകത്താണ് അയാൾ ജീവിക്കുന്നത്,അയാളുടെ ചിന്തകളിലും വാക്കുകളിലും എല്ലാം അത് പ്രകടമാണ്.

വിനോദ് കൃഷ്ണ തന്നെ പരിചയപ്പെടുത്തുന്നത് ഇങ്ങനെയാണ് "എന്റെ പേര് വിനോദ് കൃഷ്ണ. കാൺപൂർ ഐ. ടി. ഐയിൽ നിന്നും എം.ടെക്കെടുത്തു. അമേരിക്കയിൽ കുറെ ജോലി ചെയ്ത് പണമുണ്ടാക്കി. ഇപ്പോൾ 39ാം വയസ്സിൽ വിശ്രമ ജീവിതം. എന്തിന് ആവശ്യത്തിലേറെ പണം? ഒറ്റ ജീവിതമേയുള്ളൂ. അത് ആസ്വദിച്ച് തീർക്കണം. അതുകൊണ്ട് ഞാൻ ജോഷിയും മാർട്ടിനും കേൾക്കുന്നു. സാങ്കേതിക പുസ്തകങ്ങളും പൾപ്പ്ഫിക്ഷനും വായിക്കുന്നു. നെറ്റിൽ സെർച്ച് ചെയ്ത് തളരുന്നു". ( ചന്ദ്രമതി. 2013: 441 ) സ്മിതയിലൂടെ സാധാരണ മനുഷ്യജീവിതത്തെയും, വിനോദ് കൃഷ്ണയിലൂടെ ഇന്റർനെറ്റ് മനുഷ്യജീവിതത്തെയും എഴുത്തുകാരി അവതരിപ്പിക്കുന്നു. സ്മിതയുടെയും, വിനോദ് കൃഷ്ണയുടെയും സന്ദേശങ്ങളിലൂടെയുള്ള സൗഹൃദം വ്യത്യസ്ത അഭിപ്രായങ്ങളിലൂടെയാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ തൃപ്തികരമായ സൗഹൃദം അല്ലായെന്ന് മനസ്സിലാക്കാം.

ഇന്റർനെറ്റ് യുഗത്തിൽ എല്ലാം വളരെ പെട്ടെന്ന് സാധ്യമാക്കാൻ കഴിയും. നമ്മുടെ ആശയങ്ങൾ, അഭിപ്രായങ്ങൾ തുടങ്ങി എന്തും വളരെ പെട്ടെന്ന് ലോകത്തിനു മുമ്പിൽ പ്രത്യക്ഷീകരിക്കാൻ ഇന്റർനെറ്റ് സാങ്കേതികതയ്ക്ക് സാധിക്കുന്നുയെന്നതാണ് അതിന്റെ ഏറ്റവും വലിയ മേന്മ. ഈയൊരു മേന്മയെ ഇഷ്ടപ്പെടുകയും, ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന വിനോദ് കൃഷ്ണ. "ഇപ്പോൾ യാഹൂവിന്റെ ചാറ്റ്റൂമിൽ എനിക്കൊരു അപ്പോയിൻമെന്റ് ഉണ്ട്. എന്റെ അനേകം ഇ -മെയിൽ വിലാസങ്ങളിൽ ഒന്ന് താഴെ കൊടുക്കുന്നു. അത് ഉപയോഗിച്ചാൽ സമയം നഷ്ടപ്പെടാതിരിക്കും". ( ചന്ദ്രമതി. 2013: 442 ) തപാലിനെ അയാൾ ഒച്ച് - തപാൽ എന്നാണ് വിശേഷിപ്പിക്കുന്നത്.. പുതിയ സാങ്കേതികത സാധ്യതകളിൽ പാരമ്പര്യ സൗകര്യങ്ങൾ ഇഴഞ്ഞ് ഇഴഞ്ഞ് വരുന്ന ഒച്ചിനു സമമാണെന്ന് അയാൾ വിശ്വസിക്കുന്നു. സ്മിത അവളുടെ ഇ - മെയിൽ ഐ. ഡി തിരയുന്നുണ്ട്. അവിടെ അവൾ സ്മിത 1038 ആണ്. ഇയൊരവസ്ഥയെ സ്മിത നോക്കിക്കാണുന്നത് ഇങ്ങനെയാണ്. " 1037 സ്മിതകൾ എനിക്ക് മുന്നാലെ. 1037 പേർക്കു പിന്നിൽ സ്വന്തം പേരിനു വേണ്ടിപ്പോലും നിൽക്കേണ്ടി വരുക".(ചന്ദ്രമതി. 2013: 443 )

സാങ്കേതികതയുടെ സാധ്യതകളെ ഉൾക്കൊള്ളാൻ സ്മിത വിമുഖത പ്രകടിപ്പിക്കുന്നുണ്ടെങ്കിലും, കഥയുടെ അവസാനം ഇന്റർനെറ്റ് ലോകത്തിലേക്ക് അവൾ അറിയാതെ തന്നെ അകപ്പെടുന്നു. അല്ലെങ്കിൽ ആ ലോകത്തിന്റെ ആഴങ്ങളിലേക്ക് വിനോദ് കൃഷ്ണ അവളെ തള്ളിയിടുന്നു. അതിന്റെ വലയങ്ങളിൽ നിന്ന് തിരിച്ചിറങ്ങാൻ പറ്റാത്ത രീതിയിൽ അവൾ ബന്ധിതയാകുന്നു. കഥയുടെ അവസാനം വിനോദ് കൃഷ്ണയുടെ ജീവിതത്തെ എഴുത്തുകാരി തുറന്നെഴുതുന്നു. വിനോദ് കൃഷണയുടെ ജീവിതത്തിൽ നിന്നും അക്കാലത്തെ യുവാക്കളെ ഇന്റർനെറ്റ് എത്രത്തോളം സ്വാധീനിച്ചിട്ടുണ്ടെന്ന വ്യക്തമാണ്. " "വിനോദ് കൃഷ്ണ ഇരിക്കുന്നത് ഒരു കൂറ്റൻ വീൽചെയറിലാണ്. ഒരു ഞെട്ടലോടെ പിന്നോട്ട് തെറിച്ച സ്മിത ചെന്നു വീണത് ജീവചരിത്ര ജാലകത്തിനുള്ളിൽ ആയിരുന്നു. നടുക്കം മാറാതെ അവൾ വായിച്ചു. പ്രത്യേകത : 1997 ന്യൂയോർക്കിൽ വച്ചുണ്ടായ കാറപകടത്തിൽ രണ്ട് കാലുകളും അരയ്ക്കു താഴെ വെച്ച് നഷ്ടപ്പെട്ടു ". (ചന്ദ്രമതി. 2013: 447) "വെബ്സൈറ്റിന്റെ വലക്കണ്ണികൾ പൂർണമായി തന്നെ വളഞ്ഞുമുറുക്കുന്നതിനുമുമ്പ് അവൾക്ക് പുറത്ത് ചാടി രക്ഷപ്പെടണം. അവളുടെ വിറയ്ക്കുന്ന വിരലിനടിയിൽ മൗസ് വെറുതേ ക്ലിക്ക് ശബ്ദങ്ങളുതിർക്കുന്നതല്ലാതെ ദൃശ്യം മായുന്നില്ല "(ചന്ദ്രമതി. 2013: 447- 448 ).

തങ്ങൾക്കിഷ്ടപ്പെട്ട രീതിയിൽ ജീവിക്കാനുള്ള ഇടം സൈബർ സ്പേയ്സ് സ്ത്രീകൾക്ക് നൽകുന്നുണ്ട്. ഈ സ്വാതന്ത്ര്യം സ്മിതയിലൂടെ ചന്ദ്രമതി ആവിഷ്കരിക്കുന്നു. ഡിജിറ്റൽകാല സമൂഹം അനുഭവങ്ങളുടെ കാര്യത്തിലായാലും, ഭാഷയുടെ കാര്യത്തിലായാലും ഒരുതരം തുറസ്സിലേക്ക് വഴി തെളിയിക്കുന്നു. അതിലൂടെ തുറന്നൊരെഴുത്ത് സാധ്യമാകുന്നു. ഈ സാധ്യത സ്മിതയുടെ അഭിപ്രായങ്ങളിലൂടെ കാഴ്ചപ്പാടിലൂടെയാണ് ചന്ദ്രമതി ആഖ്യാനം ചെയ്യുന്നത്. സൈബർ ജീവിതത്തിന്റെ സാംസ്കാരിക സംഘർഷങ്ങൾ കൂടി കഥയിൽ കടന്നുവരുന്നുണ്ട്. പല രാജ്യങ്ങളിലെ പലരുമായുള്ള ബന്ധങ്ങളിൽ, ഇടപെടലിൽ, ലോക ബന്ധങ്ങളിൽ അഭിരമിക്കുകയാണ് വിനോദ് കൃഷ്ണ. ലോകത്തിന്റെ വിവിധ ഭാഗത്തുള്ള വ്യത്യസ്തരായ വ്യക്തികളോട്, വ്യത്യസ്ത സംസ്കാരങ്ങളോട് സമ്പർക്കത്തിൽ ഏർപ്പെടുന്ന ആളാണ് വിനോദ് കൃഷ്ണ. ഈ അവസ്ഥയ്ക്ക് മറ്റൊരു വശം കൂടിയുണ്ട്. തന്റെ വീട്ടിൽനിന്ന്, തൊഴിലിടങ്ങളിൽ നിന്ന്, യാത്രകളിൽനിന്ന്, അയാൾക്ക് ചുറ്റുമുള്ള ഭൗതികലോകത്തുനിന്ന് അയാൾ സ്വയം അടർന്നു പോകുന്നു. ചെറിയ ചതുരപ്പെട്ടിയുടെ മായികവും വിശാലവമായ അയഥാർഥ്യ ലോകത്തിലൂടെയാണ് അയാൾ സഞ്ചരിക്കുന്നത്.

സ്മിത, വിനോദ്കൃഷ്ണ കാലഘട്ടത്തിന്റെ പ്രതിനിധാനങ്ങളാണ്. കഥ എഴുതുന്ന കാലത്ത് ഈയൊരു ആഖ്യാന അന്തരീക്ഷം തികച്ചും പുതുമയുള്ളതായിരുന്നു. അതുകൊണ്ടുതന്നെ ഈയൊരു സാംസ്കാരിക സന്ദർഭത്തെ ഉൾക്കൊള്ളാൻ സ്മിതയെ പോലെ വിമുഖത കാണിച്ച പലരും ഉണ്ടായേക്കാം. കഥയുടെ അവസാനം സ്മിത ആ വലക്കണ്ണികളിൽ അകപ്പെടുന്നത് പോലെ അവരെല്ലാവരും സാങ്കേതികതയുടെ കൂട്ടിൽ അകപ്പെടുക തന്നെ ചെയ്യു എന്നതാണ് യാഥാർത്ഥ്യം. വിനോദ് കൃഷ്ണയെപ്പോലുള്ള യുവാക്കളിൽ പുതിയ സാംസ്കാരിക സന്ദർഭം വലിയ രീതിയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് എഴുത്തുകാരി വ്യക്തമാക്കുന്നു. വിനോദ് കൃഷ്ണയുടെ വീൽചെയറിലുള്ള ജീവിതമാകാം അയാളെ ഇന്റർനെറ്റ് സൗഹൃദങ്ങളിലേക്ക് എത്തിച്ചത്. യുവാക്കളെ വളരെ ശക്തമായി സ്വാധീനിക്കാൻ ഇന്റർനെറ്റിന്റെ സാങ്കേതികതയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കഥയുടെ പ്രമേയം പരിചിതമെങ്കിലും പുതിയ സാംസ്കാരിക സന്ദർഭത്തെ സ്വീകരിച്ച് ആഖ്യാനത്തിൽ പുതുമ നൽകുകയാണ് *വെബ്സൈറ്റ്* എന്ന കഥയിലൂടെ എഴുത്തുകാരി. കഥയുടെ പ്രമേയത്തെ സൈബർ

സ്പേയ്സ് നിർണ്ണയിക്കുന്നില്ല. എങ്കിലും ഇ മെയിൽ, ഇന്റർനെറ്റ്, വെബ്സൈറ്റ്, എന്നിവയെ മുൻനിർത്തി സൈബർ സാമൂഹ്യ ജീവിതത്തിന്റെ സാംസ്കാരിക ഘടകങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് സമൂഹത്തിന്റെ പുതിയ മാറ്റങ്ങളെ കഥയിൽ അടയാളപ്പെടുത്തി എന്നതാണ് 'വെബ്സൈറ്റി'ന്റെ പ്രസക്തി.

**ഇവിടെ ഒരു ടെക്കി**

കമ്പ്യൂട്ടർ എന്ന ഇലക്ട്രോണിക് ഉപകരണത്തിന്റെയും ഇന്റർനെറ്റിന്റെയും സാധ്യതകൾ ഉപയോഗിച്ച് ഉടലെടുക്കുന്ന സാംസ്കാരിക ജീവിതമാണ് 'ഇവിടെ ഒരു ടെക്കി'യിൽ ചന്ദ്രമതി ആഖ്യാനം ചെയ്യുന്നത്. ലോകത്തിലെ പല കമ്പ്യൂട്ടറുകളിലായി വിവരങ്ങൾ ശേഖരിക്കപ്പെടുകയും അവ പരസ്പരം ബന്ധപ്പെടുകയും ചെയ്യുന്ന വിപുലമായ കണ്ണിയാണ് ഇന്റർനെറ്റ് . വിവരങ്ങൾ പലയിടങ്ങളിലാണ് ശേഖരിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ഒരു കമ്പ്യൂട്ടറിന് സംഭവിക്കുന്ന പ്രശ്നങ്ങൾ അതിൽ കണ്ണി ചേർക്കപ്പെട്ടവക്കെല്ലാം സംഭവിക്കുന്നുണ്ട്. ഡിജിറ്റൽകാല സംസ്കാരവും ഈ വ്യവസ്ഥയ്ക്കൊപ്പം നിൽക്കുന്നതാണ്. അത് പ്രാദേശികമായതിനെ ലോകവ്യാപകമാക്കുന്നു. തിരിച്ചും സംഭവിക്കുന്നു. കേന്ദ്രീകരണവും വികേന്ദ്രീകരണവും സൈബർ സ്പേയ്സിന്റെ പ്രത്യേകതയാണ്. ഈയൊരു ഇന്റർനെറ്റ് സാംസ്കാരിക അവസ്ഥകളെയാണ് 'ഇവിടെ ഒരു ടെക്കി' എന്ന കഥയിലൂടെ ചന്ദ്രമതി ആവിഷ്കരിക്കുന്നത്.

കമ്പ്യൂട്ടറുകൾ നിശബ്ദമാകുമ്പോൾ ഉള്ള അവസ്ഥകളെ ഞെട്ടലോടെ സ്വപ്നം കണ്ട് ജീവിക്കുന്ന ടെക്കികളുടെ ജീവിതത്തെ ഫലിതമായി ആവിഷ്കരിക്കുന്ന കഥയാണിത്. സൈബർ ലോകത്തിന്റെ അതിരുകളും, സാധ്യതകളും യുവാക്കളുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന സംഘർഷങ്ങളുമാണ് ഈ കഥയുടെ പിറവിയ്ക്ക് നിദാനം. 90- കൾക്കു ശേഷം വിവരസമൂഹത്തിന്റെ ആവിർഭാവത്തോടെ കേരളത്തിൽ ഐ. ടി മേഖല കേന്ദ്രീകരിച്ചുള്ള പുതിയൊരു തൊഴിൽ സമൂഹം ഉടലെടുക്കുന്നു. കേരളത്തിലേക്ക് തൊഴിൽ തേടി വരുന്നവരും കേരളത്തിൽനിന്ന് തൊഴിൽ തേടി മറ്റു പ്രമുഖ നഗരങ്ങളിലേക്ക് പോകുന്നവരും ഈ സമൂഹത്തിന്റെ ഭാഗമായിരുന്നു. ഇത്തരത്തിൽ ഒരു നെറ്റ്‌വർക്ക് കമ്മ്യൂണിറ്റി ഉടലെടുക്കുകയും സാമൂഹ്യ- വ്യക്തിബന്ധങ്ങൾ ആ രീതിയിൽ ക്രമപ്പെടുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി ഉടലെടുത്ത പുതുതലമുറയുടെ ജീവിത സംഘർഷങ്ങളാണ് കഥയുടെ ആഖ്യാനമണ്ഡലം.

ഐടി മേഖലയിൽ ജോലി ചെയ്യുന്ന യുവാക്കളുടെ ആത്മസംഘർഷങ്ങൾ ജീവിതരീതികൾ എന്നിവയാണ് കഥയുടെ പ്രമേയം. വിജയൻ, തേജസ്വിനി, മഹാദേവൻ. അശ്വിൻ തുടങ്ങിയോരോ കഥാപാത്രങ്ങളും ഐടി മേഖലയിലെ സംഘർഷാത്മക ജീവിതത്തിന്റെ വ്യത്യസ്ത ഇരകളാണ്. "ഉറക്കാനാവാത്ത കമ്പ്യൂട്ടറുകളാണ് പ്രബുദ്ധ - ഇന്ത്യൻ യുവത്വത്തിന്റെ ഏറ്റവും പുതിയ പേടിസ്വപ്നം". ( ചന്ദ്രമതി. 2013 : 578 ) കമ്പ്യൂട്ടർ ഓണാകാതിരിക്കുമ്പോൾ വിജയനിൽ ഉണ്ടാകുന്ന മാനസിക പിരിമുറുക്കങ്ങളാണ് കഥയിലുടനീളം. മനുഷ്യനും- യന്ത്രവും തമ്മിലുള്ള താദാത്മ്യം പ്രാപിക്കലിനെ വളരെ ശക്തമായി എഴുത്തുകാരി അവതരിപ്പിക്കുന്നു. "പ്രണയനി മുഖം കറുപ്പിച്ചാൽ അനുനയനത്താൽ വെളുപ്പിക്കാം. കമ്പ്യൂട്ടറുകളെയോ ? വിജയൻ ഉയരുന്ന ബ്ലഡ് പ്രഷറോടെ കമ്പ്യൂട്ടറിനെ തട്ടാനും മുട്ടാനും തുടങ്ങി. ഏതെങ്കിലും ഒരു സ്പർശത്തിൽ അവളുണർന്നാലോ ?. (ചന്ദ്രമതി. 2013: 579)

വിജയൻ നേരത്തെ ഓഫീസിൽ എത്തിയത് തന്റെ കാമുകിയുമായി ചാറ്റ് ചെയ്യാനാണ്. "ഓർക്കുട്ടും ഫേസ്ബുക്കും ട്വിറ്ററുമൊക്കെ ബോസ് ഇടച്ച് മാറ്റി കളഞ്ഞു. യാഹൂ മെസഞ്ചറപ്പൂപ്പൻ പോലും നിഷിദ്ധം. കമ്പനി സമയം തുടങ്ങുന്നതിനു മുമ്പ് ഇത്തിരി നേരം കിട്ടുന്ന ജി - ടോക്ക് ആണ് ആകെ ഒരാശ്വാസം.പറഞ്ഞുറപ്പിച്ച ദിനങ്ങളിൽ തേജസ്വിനി മൂന്ന് കെട്ടിടങ്ങൾക്കപ്പുറത്തുള്ള തന്റെ കമ്പനി മന്ദിരത്തിൽ നേരത്തെ എത്തും. അവളുടെ ബോസ് ഇത്തിരി അയവുള്ളവൻ ആയതുകൊണ്ട് ഉച്ചഭക്ഷണത്തിനുള്ള ഇടവേളയായ ഒരു മണിക്കൂറിൽ വൈയക്തിക മെയിലുകൾ നോക്കാൻ അനുവദിക്കാറുണ്ട്. വിജയന്റെ കമ്പനിയിൽ അങ്ങനെയുമില്ല ഒരു ഇളവ്."(ചന്ദ്രമതി. 2013: 579 ) ഉറക്കാത്ത കമ്പ്യൂട്ടറുകളെ വിജയൻ പേടിക്കാൻ തുടങ്ങിയത് തന്റെ സുഹൃത്തിന്റെ ജോലി നഷ്ടപ്പെട്ടതിന്റെ വിവരം അറിഞ്ഞതിനുശേഷം ആണ്.

" ഓക്കേ ഡാ ഗുഡ് ബൈ !

എന്തുപറ്റിയടാ

എന്റെ കമ്പ്യൂട്ടർ എന്നോട് പിണങ്ങി. ബോസ് ഒരു മാസത്തെ ശമ്പളം തന്നു ഡൈവോഴ്സാക്കി. (ചന്ദ്രമതി.2013 : 579 )

ഇത് വിജയനിൽ വലിയ മാനസിക പ്രശ്നങ്ങളുണ്ടാക്കി. ജോലി നഷ്ടപ്പെട്ടാൽ ഉള്ള ജീവിതത്തെ അയാൾ ഉൾക്കൊള്ളാൻ ശ്രമിക്കുന്നു. പ്രണയം, ജീവിതം, കുടുംബം തുടങ്ങി പലതരത്തിലുള്ള ചിന്തകൾ അയാളെ അസ്വസ്ഥനാക്കുന്നു. " മേലാളികൾ ശരീരത്തെയും ആത്മാവിനെയോ ഉപദ്രവിക്കുകയില്ല. അവർ കമ്പ്യൂട്ടറുകളെ നിശബ്ദരാക്കുകയേയുള്ളൂ.പിന്നെ ഹൈഡ്രജൻ നിറഞ്ഞ ബലൂണിന്റെ ലാഘവത്തോടെയുള്ള സ്വതന്ത്രപ്രാപ്തി. " (ചന്ദ്രമതി.2013 :578 ) ഇവിടെ ബലൂൺ ഒരു പ്രതീകമാണ്.ഐടി മേഖലയിൽ ജോലി ചെയ്യുന്നവരുടെ ജോലിയുമായി ബന്ധപ്പെട്ട സംഘർഷത്തെ ഇത് ഉൾക്കൊള്ളുന്നുണ്ട്. ബലൂൺ ചിലപ്പോൾ പൊട്ടാം, അല്ലെങ്കിൽ കാറ്റുപോയി നിർജീവമാകാം. ഈയൊരു അവസ്ഥ തന്നെയാണ് ഐടി മേഖലയിൽ ജോലി ചെയ്യുന്നവരുടെതെന്ന യാഥാർത്ഥ്യത്തെയാണ് എഴുത്തുകാരി ബലൂൺ എന്ന പ്രതീകത്തിലൂടെ ആവിഷ്കരിക്കുന്നത്.കമ്പ്യൂട്ടറാണ് കഥയിലെ ഓരോ കഥാപാത്രത്തിന്റെയും ജീവിതത്തെ നിർണയിക്കുന്നത്. അവർ എങ്ങനെ ജീവിക്കണം, എങ്ങനെ ചിന്തിക്കണം എന്ന് വരെ തീരുമാനിക്കുന്നത് അവരുടെ കമ്പ്യൂട്ടറുകളാണ്. അതുകൊണ്ട് തന്നെ കമ്പ്യൂട്ടറുകളുടെ ചലനം നഷ്ടമാകുമ്പോൾ ജീവിതം അർത്ഥശൂന്യമാകുന്നു. തന്റെ കാമുകി തന്നോട് സല്ലപിക്കാൻ കൃത്യസമയത്ത് എത്തിയപ്പോൾ വിജയൻ പറയുന്നത് ഇങ്ങനെയാണ്. " അവൾക്കിന്ന് കമ്പ്യൂട്ടർ ഉറക്കാനൊത്തു.നാളത്തെ കാര്യം ദൈവഹസ്തങ്ങളിൽ ". (ചന്ദ്രമതി. 2013 : 581 )

വിജയൻ കമ്പ്യൂട്ടറിനെ ഭാര്യയെ പോലെയാണ് കാണുന്നത്. "സ്പർശം, തഴുകൽ, അനുനയം തുടങ്ങി പ്രാരംഭലീലകൾക്കൊന്നും വശപ്പെടാത്തപ്പോൾ നിരാശനായ ഭർത്താവിനെ പോലെ വിജയൻ കമ്പ്യൂട്ടറിനു നേരെ മുഷ്ടിയുയർത്തിയെങ്കിലും അതു സ്വന്തം നെറ്റിക്കടിച്ച് അരിശം തീർത്തു."(ചന്ദ്രമതി. 2013 : 582 ) ക്രിസ്റ്റിയും, വിജയനും തമ്മിലുള്ള സൗഹൃദ സംഭാഷണങ്ങളിൽ നിന്ന് ഐടി മേഖലയിലെ ജോലിയുടെ നിലനിൽപ്പിന്റെ പ്രശ്നങ്ങളെ എഴുത്തുകാരി അവതരിപ്പിക്കുന്നുണ്ട്. " നമ്മുടെ കമ്പനിയിൽ നിന്ന് ചാടിയ നെൽസനെ ഓർമ്മയുണ്ടോ?അവൻ ബാംഗ്ലൂരിലല്ലേ ? ഇന്നലെ അവന്റെ മെയിലുണ്ടായിരുന്നു. അവനെ പറഞ്ഞു വിട്ടു തിരികെ വരാൻ ചാൻസ് ഉണ്ടോന്നു ചോദിക്കുന്നു.

ചാടിയവരൊക്കെ ഇറങ്ങിത്തുടങ്ങുന്നു. വിട്ടുപോയ സ്ഥാപനത്തിലേക്ക് ഇറങ്ങിവരിക ഏറ്റവും അപമാനകരമെന്ന് കരുതുന്ന സമൂഹമാണല്ലോ തങ്ങളുടേതെന്ന് വിജയനോർത്തു." (ചന്ദ്രമതി. 2013: 584)

"എല്ലാ കമ്പ്യൂട്ടറുകളും ഡൗണാണ്. ടോട്ടൽ നെറ്റ്‌വർക്ക് ഫെയില്യർ. അരമണിക്കൂറെങ്കിലും എടുക്കും ശരിയാകാൻ. " ( ചന്ദ്രമതി. 2013: 585) എന്ന് മഹാദേവൻ പറയുമ്പോഴാണ് വിജയനിൽ ഞെട്ടലോടെ ആശ്വാസം ഉണ്ടാകുന്നത്. ഉറക്കാനാകാത്ത കമ്പ്യൂട്ടറിന്റെ ഇര താൻ മാത്രമാകുമെന്ന ചിന്തയിൽ നിന്ന് ഇരകളാകാൻ ഒരുപാട് പേരുണ്ടെന്ന ചിന്തയാകാം ഞെട്ടലിന്റെയും ആശ്വാസത്തിന്റെയും കാരണം. സാങ്കേതികതയുടെ പുതുജീവിതത്തെയാണ് ചന്ദ്രമതി പ്രമേയവൽക്കരിക്കുന്നത്. കഥയുടെ ആഖ്യാനഘടനയിലും, ഭാഷയിലുമെല്ലാം സൈബർസ്പേയ്സിന്റെ സ്വാധീനം വ്യക്തമായി തന്നെ കാണാം. ചന്ദ്രമതി കഥകളിൽ കാണുന്ന പൊതുവായ സവിശേഷതയാണ് പ്രമേയത്തെ ഫലിതവൽക്കരിക്കുന്നത്. ഈയൊരു ഫലിതവത്ക്കരണ തന്ത്രം പുതിയ സാമൂഹ്യ സന്ദർഭത്തെ മുൻനിർത്തി എഴുത്തുകാരി ആഖ്യാനം ചെയ്തിരിക്കുന്നത് ശ്രദ്ധേയമാണ്.

ചന്ദ്രമതിയുടെ *വെബ്സൈറ്റ്, ഇവിടെ ഒരു ടെക്കി* എന്നി കഥകളുടെ വിശകലനത്തിൽ നിന്നും കാലത്തിന്റെ സാംസ്കാരിക സവിശേഷ സന്ദർഭത്തെ ശക്തമായി പ്രമേയവൽക്കരിക്കാൻ എഴുത്തുകാരിക്ക് സാധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാം. പുതിയ മാധ്യമങ്ങളുടെ സാങ്കേതികപദങ്ങളുടെ ഉപയോഗം, ഇന്റർനെറ്റ്,ചാറ്റിങ്, വെബ്സൈറ്റ് തുടങ്ങിയവയുടെ ഉപയോഗവും പുതിയ സാമൂഹ്യ സന്ദർഭത്തെ ആവിഷ്കരിക്കുന്നതിൽ ശക്തി പകരുന്നു. ഭാഷയിലും, പ്രമേയത്തിലും ഈ ശക്തി കാണുന്നു എന്നതാണ് ഈ കഥകളുടെ പ്രസക്തി. മാധ്യമം, ആഖ്യാനം എന്നിവയുടെ പാരമ്പര്യ തത്വങ്ങളെ സൈബർ സ്പേയ്സിന്റെ പശ്ചാത്തലത്തിൽ മാറ്റി പണിയുകയാണ് ചന്ദ്രമതി. പുതിയ സാംസ്കാരിക സന്ദർഭത്തിനു മുമ്പും കഥകൾ എഴുതിയ എഴുത്തുകാരിയാണ് ചന്ദ്രമതി. എഴുതിക്കൊണ്ടിരിക്കുന്ന കഥാകാരിയെന്ന നിലയിൽ സാഹിത്യ ചരിത്രത്തിന്റെ പാരമ്പര്യ ധാരയിൽ നിന്നും മാറി നിന്നുകൊണ്ട് അത്രപരിചിതമില്ലാത്ത പുതിയ സാംസ്കാരിക സന്ദർഭത്തെ കൃത്യമായി അടയാളപ്പെടുത്താൻ രണ്ടു കഥകൾക്കും സാധിച്ചിട്ടുണ്ടെന്ന് നിസ്സംശയം പറയാം.

**ഗ്രന്ഥസൂചി**

1.ചന്ദ്രമതി. കഥകൾ സമ്പൂർണ്ണം. കോട്ടയം ഡി. സി ബുക്സ്, 2013.

2. മധുസൂദനൻ, ജി. "പ്രതീതി യാഥാർത്ഥ്യത്തിനുശേഷം" *ഭാവുകത്വം ഇരുപതാം നൂറ്റാണ്ടിൽ* കോട്ടയം: ഡി.സി ബുക്സ്, 2006. 91 -103.

3. മനോജ്, ജെ. പാലക്കൊടി. ഡോ. മലയാള സൈബർ സാഹിത്യം. തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2018.

4. രാജശേഖരൻ, പി. കെ. "പുതിയ ഭാവനാകാശങ്ങൾ". *ഭാവനാതീതം മലയാളത്തിലെ സൈബർ കഥകൾ.* കോട്ടയം: ഡി.സി ബുക്സ്, 2002. 1 - 10.

5. സുനിത, ടി.വി. സൈബർ കഥകളിലെ സ്ത്രീ. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015.

**ആനുകാലികം**

1. മലയാളം റിസർച്ച് ജേണൽ. സൈബർ സാഹിത്യം. വോളിയം 11 ലക്കം 1 ജനുവരി - ഏപ്രിൽ 2018.

**രേഷ്മ. കെ**

**ഗവേഷക**

**മലയാള വിഭാഗം**

**എസ്. എൻ. ജി. എസ്. കോളേജ്, പട്ടാമ്പി**

**reshmareshu8089@gmail. Com**